CHED
16/11/21......

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP. 577(2)/2020/എസ്.ഐ.സി**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 11836/എസ്.ഐ.സി-ജി6/20)**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.പി.പ്രഭാകരൻ,
ഇ.പി.8/660–ബി,
നന്ദനം, പുതിയങ്ങാടി പി.ഒ.,
കോഴിക്കോട് – 673 021. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്,
ഇ.എഫ്.എൽ.കസ്റ്റോഡിയന്റെ ഓഫീസ്,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം – 695 014. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.8.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.10.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 04.11.2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. കെ.പി.പ്രഭാകരൻ, 15.10.2020ന് സമർപ്പിച്ച പരാതി ഹർജി 04.11.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.577(2)/20/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 18.08.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ബഹു.EFL കസ്റ്റോഡിയന്റെ 09.07.2015ലെ EFL-13-435/14 നമ്പർ കത്തിൽപ്പറയുന്ന 425/pt, 426/pt, 427/pt എന്നിവയിൽപ്പെട്ട സ്ഥലം സർവ്വെ & ഡിമാർക്കേഷനു ശേഷം EFLൽ ഉൾപ്പെടുന്നില്ല എന്ന വിവരം കോഴിക്കോട് WPO കസ്റ്റോഡിയനെ അറിയിച്ചുകൊണ്ടുള്ള കത്തിന്റെ പകർപ്പും കല്പ്പറ്റ DFO യുടെ 09.06.2015ലെ B-3967/00(1) നമ്പർ EFL PROPOSAL റദ്ദുചെയ്തു കൊണ്ടുള്ള കസ്റ്റോഡിയന്റെ തീരുമാന ഉത്തരവിന്റെ കോപ്പിയും അനുവദിച്ച് നൽകണമെന്നാണ്.

4. എതിർകക്ഷി 13.01.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേലുള്ള മറുപടി ടി ഓഫീസിലെ 01.06.2020ലെ EFL5-2204/2020 നമ്പർ കത്ത്, 27.10.2020ലെ EFL3-203/2020 കത്ത് എന്നിവ പ്രകാരം ടിയാന് നൽകിയിരുന്നുവെന്നും എന്നാൽ ഹർജിക്കാരൻ പരാതിയിൽ പറയുന്ന 18.02.2020ലെ അപേക്ഷ ടി ഓഫീസിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ടി ഓഫീസിൽ ലഭിച്ചതായി കാണുന്നില്ലെന്നുമാണ്.

5. 02.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി [illegible] നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് അപ്പീൽ തീർപ്പാക്കിയതിനോടൊപ്പം ടിയാന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് മറുപടി ലഭ്യമായതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ മേൽപ്പടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് (02.11.2021) ഇന്നേദിവസം തന്നെ കമ്മീഷനിൽ സമർപ്പിക്കണമെന്ന് എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ മാസം 02-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)